## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1155 — 01/07/2015-ൽ മറുപടിയ്ക്ക്

### ഭൂമി വിട്ടു നൽകിയവർക്കുള്ള നഷ്ടപരിഹാരത്തുക നൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലം നിർമ്മാണത്തിനായി ഭൂമി വിട്ടു നൽകിയവർക്കുള്ള നഷ്ട പരിഹാരത്തുക നൽകാൻ നാളിതുവരെ സാധിച്ചിട്ടില്ലായെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിലെ വിതുര, പാലോട് വില്ലേജുകളിലുൾപ്പെട്ട ചെല്ലഞ്ചിപ്പാലത്തിനുവേണ്ടിയുള്ള അക്വിസിഷന് പി. ഡബ്ല്യൂ.ഡി (റോഡ്സ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ, 02-02-2009-ൽ നൽകിയ അർത്ഥന പ്രകാരം ലാന്റ് അക്വിസിഷൻ ചട്ടങ്ങൾ പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തി 11-07-2013-ൽ ജില്ലാ തല പർച്ചേസ് കമ്മിറ്റി കൂടി സ്ഥലവില നിശ്ചയിക്കുകയും 11-08-2014-ലെ എസ്. എൽ. ഇ. സി. മീറ്റിംഗിൽ വില അംഗീകരിക്കുകയും ഫണ്ടിനുവേണ്ടി പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസതുത തുക നൽകുന്നതിന് തടസ്സങ്ങൾ വിശദീകരിക്കുമോ ; | ഈ അവസരത്തിൽ ബഹു. മുഖ്യമന്ത്രിക്ക് പരപ്പിൽ, ചെല്ലഞ്ചി പ്രദേശവാസികൾ ബോധിപ്പിക്കുന്നത് എന്ന് തലക്കെട്ടോടുകൂടി ടി അക്വിസിഷനെതിരായി ഒപ്പും പേരും രേഖപ്പെടുത്താത്ത ഒരു പരാതി തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ ലഭിക്കുകയുണ്ടായി. വർഷങ്ങൾക്ക് മുമ്പ് ടി പാലം പണിയുന്നതിനായി 50 ഓളം നാട്ടുകാർ തങ്ങളുടെ സ്ഥലം സൗജന്യമായി സർക്കാരിലേയ്ക്ക് ഒപ്പിട്ട് നൽകിയിരുന്നതായും, കഴിഞ്ഞ രണ്ടു വർഷമായി ടി സ്ഥലത്തിന് സർക്കാർ പണം നൽകാമെന്ന് പറഞ്ഞതിനാൽ ബന്ധപ്പെട്ട റവന്യൂ അധികാരികൾ സ്ഥലം സന്ദർശിക്കുകയും സ്ഥലത്തിന് വില നിശ്ചയിക്കുകയും ചെയ്തുവെന്നും വില നിർണ്ണയത്തിൽ സ്ഥലത്തിന്റെ ശരാശരി വിലയേക്കാൾ കൂടുതൽ വില നൽകിയിട്ടുണ്ടെന്നും ഇത് ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ചേർന്നുള്ള |
| (സി) പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ; | |

അഴിമതിയാണെന്നും മറ്റും ആരോപണം ഉന്നയിക്കുകയും ആയത് അന്വേഷിച്ച് അർഹമായ തുക വിലയായി നൽകണമെന്നും മുടങ്ങിക്കിടക്കുന്ന പാലം പണി പുനരാരംഭിച്ച് അടിയന്തിരമായി തീർപ്പാക്കണമെന്നും പ്രസ്തുത പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

ഈ പരാതിയിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.എ) യെ ചുമതലപ്പെടുത്തുകയും ആയതുപ്രകാരം ചെല്ലഞ്ചിപ്പാലത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പിലേയ്ക്ക് പാലോട്, കല്ലറ വില്ലേജുകളിൽപ്പെട്ട 41 പേർ ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫാറം പി. ഡബ്ല്യു. ഡി. അധികൃതർക്ക് ഒപ്പിട്ട് കൈമാറിയിട്ടുണ്ടായിരുന്നെന്നും എന്നാൽ യഥാസമയം ടി ഫാറങ്ങൾ അനന്തരനടപടികൾക്കായി റവന്യൂ അധികൃതർക്ക് കൈമാറുന്നതിന് പകരം ടി ആഫീസിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തു.

ടി പരാതി സംബന്ധിച്ച് ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം റിക്വിസിഷൻ അതോറിറ്റിയായ പി. ഡബ്ല്യു.ഡി. (റോഡ്സ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്, എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ